# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 152 11.06.2012-ലെ മറുപടിക്ക്

## സർക്കാർ കൊടുത്തു തീർക്കേണ്ട മൊത്തം ബാദ്ധ്യതകൾ

**ചോദ്യം** **ഉത്തരം**

ഡോ. ടി.എം. തോമസ് ഐസക്

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് കൊടുത്ത് തീർക്കേണ്ട മൊത്തം ബാധ്യതകളെ സംബന്ധിച്ച് വിശദമാക്കാമോ ; | പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളുടെ തിരിച്ചടവ് എന്നീ ഇനങ്ങളിൽ ആകെ 2657.47 കോടി രൂപ ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ കൊടുത്തു തീർക്കേണ്ടതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. പബ്ളിക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും ബാദ്ധ്യതകൾ തീർക്കുന്നത് അത് ആവശ്യപ്പെടുന്ന മുറയ്ക്കാണ്. ഇതിനായി അതാത് ബാദ്ധ്യതകളിൽ നിന്നും ക്ളെയിം വരാവുന്നത് കണക്കിലെടുത്ത് ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. കൃത്യമായ തുക ഇപ്പോൾ തിട്ടപ്പെടുത്താനാവില്ല. ഈ ബാദ്ധ്യതകളിന്മേൽ നൽകേണ്ട പലിശ ഏതാണ്ട് ₹ 7234.33 കോടിയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശമ്പളവും പെൻഷനും കൂടി കൊടുത്തു തീർക്കേണ്ട ബാദ്ധ്യതകളായുണ്ട്. |
| (ബി) | പി.ഡബ്ല്യു.ഡി കോൺട്രാക്ടർമാർ ജലവിഭവ വകുപ്പിലെ കോൺട്രാക്ടർമാർ, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ലാൻഡ് അക്വിസിഷൻ തുടങ്ങി എന്തെല്ലാം ഇനങ്ങളിൽ എത്ര തുക ഇപ്പോൾ കൊടുത്ത് തീർക്കാനായി ബാക്കി നിൽപ്പുണ്ട് ; ഇവയ്ക്കെല്ലാമായി ഇപ്പോൾ ട്രഷറിയിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കുമോ ? | പൊതുമരാമത്ത് വകുപ്പിൽ 323.55 കോടി രൂപയും, ജലവിഭവ വകുപ്പിൽ 35.26 കോടി രൂപയും, കോൺട്രാക്ടർമാർക്ക് പണിപൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽ ആയത് പ്രകാരം നൽകുവാനുണ്ട്. വിവിധ സാമൂഹ്യ-സുരക്ഷാ പെൻഷനുകൾക്ക് 602.97 കോടി രൂപ ബജറ്റിൽ വകയിരുത്തിയതിൽ 166.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പല ശീർഷകങ്ങളിലായി 2012-13 സാമ്പത്തിക വർഷത്തിൽ എൽ.എ.ആർ. കേസുകളിലെ വിധി കുടിശ്ശിക നിക്ഷേപിക്കുന്നതിന് 0.77 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2012-13 ൽ സംസ്ഥാനത്ത് സർക്കാർ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. മേൽ കാര്യങ്ങൾക്കായി ജില്ലാ കളക്ടർമാരിൽ നിന്ന് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിച്ചു നൽകേണ്ടതായിട്ടുണ്ട്. നെല്ല് സംഭരണത്തിനുള്ള സബ്സിഡി ഇനത്തിൽ 118 കോടിയോളം സപ്ളൈകോ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ട്രഷറിയിൽ ഏതെങ്കിലും ദിവസത്തെ ബാക്കി നിൽപ്പിൽ നിന്നും ചില പ്രത്യേക ഇനങ്ങൾക്കായി തുക നീക്കി വയ്ക്കുന്ന പതിവില്ല. 07.06.2012 ൽ ട്രഷറി ബില്ലുകളിലെ നിക്ഷേപം 1064.42 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ